ടി.കെ ഉബൈദ്

1208

സൂറ - 44

# അദ്ദുഖാൻ

**സൂക്തം 07-09**

▼

സൃഷ്ടികൾക്ക് വിശ്വസിക്കാനും വഴിപ്പെടാനും മറ്റൊരു ദൈവവുമില്ല. അവൻ മാത്രമാണ് ജീവൻ കൊടുക്കുന്നതും എടുക്കുന്നതും. അവനല്ലാത്ത മറ്റൊരു ശക്തിക്കും യാതൊന്നിനെയും ജീവിപ്പിക്കാനോ മരിപ്പിക്കാനോ കഴിയില്ല. അവൻ ദൈവിക വചനം കേൾക്കുന്ന വിശ്വാസികളുടെയും വിശ്വാസികളെ ദ്രോഹിക്കുന്ന ഖുറൈശികളുടെയും നാഥനാകുന്നു. നിങ്ങളുടെ മാത്രമല്ല, നിങ്ങളുടെ പൂർവപിതാക്കളുടെയും സ്രഷ്ടാവും നാഥനും അവൻ തന്നെയാകുന്നു.

---

رَبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن كُنتُم مُّوقِنِينَ ﴿٧﴾ لَآ إِلَٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ
رَبُّكُمْ وَرَبُّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿٨﴾ بَلْ هُمْ فِى شَكٍّ يَلْعَبُونَ ﴿٩﴾

*7*

*വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും അവയ്ക്കിടയിലുള്ള സകലതിന്റെയും വിധാതാവായിട്ടുള്ളവൻ- നിങ്ങൾ യഥാർഥത്തിൽ വിശ്വസിക്കുന്നവരാണെങ്കിൽ.*

*8*

*അവനല്ലാതെ ദൈവമേതുമില്ല. സൃഷ്ടികളെ ജീവനുള്ളതാക്കുന്നതും നിർജീവമാക്കുന്നതും അവൻ തന്നെ. നിങ്ങളുടെയും നിങ്ങളുടെ ആദിപിതാക്കളുടെയും പരിപാലകൻ.*

*9*

*പക്ഷേ, ഇക്കൂട്ടർ സന്ദേഹത്തിൽ അഭിരമിക്കുകയാകുന്നു.*

| | |
|---|---|
| വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും അവക്കിടയിലുള്ള(സകല)തിന്റെയും, വിധാതാവ് ആയിട്ടുള്ളവൻ | رَبِّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا ۖ |
| നിങ്ങൾ ദൃഢമായി, (യഥാർഥത്തിൽ) വിശ്വസിക്കുന്നവരാണെങ്കിൽ | إِن كُنتُم مُّوقِنِينَ |
| അവനല്ലാതെ ദൈവം(ഏതും)ഇല്ല | لَا إِلَٰهَ إِلَّا هُوَ |
| (സൃഷ്ടികളെ) ജീവനുള്ളതാക്കുന്നതും നിർജീവമാക്കുന്നതും അവൻ(തന്നെ) | يُحْيِي وَيُمِيتُ ۖ |

| | |
|---|---|
| نِّكُمْ | നിങ്ങളുടെ നാഥൻ, പരിപാലകൻ |
| وَرَبُّ آبَائِكُمُ الْأَوَّلِينَ | നിങ്ങളുടെ ആദിപിതാക്കളുടെയും പരിപാലകൻ |
| بَلْ هُمْ | പക്ഷേ, അവർ (ഇക്കൂട്ടർ) |
| فِي شَكٍّ | സന്ദേഹത്തിൽ |
| يَلْعَبُونَ | കളിക്കുന്നു (അഭിരമിക്കുകയാകുന്നു) |

അല്ലാഹുവിന്റെ രക്ഷാശിക്ഷകളിൽനിന്ന് ഒഴിഞ്ഞു മാറിക്കളയാമെന്ന് ആരും വ്യാമോഹിക്കേണ്ട. വാനഭുവനങ്ങളുടെയും അവയ്ക്കിടയിലുള്ള സകലതിന്റെയും പാലകനാണവൻ. അവനെ നേരിട്ട് അതിജയിക്കാനോ പറ്റിച്ചു രക്ഷപ്പെടാനോ അവന്റെ സൃഷ്ടികൾക്ക് കഴിയുന്നതെങ്ങനെ? يقين-ൽനിന്നുള്ള കർതൃവചനമാണ് مُوقِنِينَ. ഒരു സംഗതിയിൽ യാതൊരു സംശയത്തിനും ഇടമില്ലാത്തവണ്ണം പൂർണ ബോധ്യമുണ്ടാവുകയാണ് يقين. ഈ സന്ദർഭത്തിൽ إِن كُنتُم مُّوقِنِينَ ന് രണ്ട് ആശയങ്ങളുണ്ട്: 1) നിങ്ങളുടെ സ്രഷ്ടാവാരാണെന്ന് വിഗ്രഹാരാധകരോട് ചോദിച്ചാൽ അല്ലാഹുവാണെന്ന് മറുപടി പറയുമെന്ന് കഴിഞ്ഞ സൂറയുടെ സമാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ മറുപടിയിൽ നിങ്ങൾ യഥാർഥത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, ആ സ്രഷ്ടാവ് ആകാശഭൂമികളുടെ വിധാതാവും, നിങ്ങളെയും പൂർവികരെയും പരിപാലിക്കുന്നവനും, എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവനും, പരമ കാരുണികനുമാണെന്നു കൂടി വിശ്വസിക്കേണ്ടതാണ്. 2) ഇപ്പറഞ്ഞത് ലളിതമായ യാഥാർഥ്യങ്ങളാണ്.

സൃഷ്ടികൾ സ്രഷ്ടാവിന്റെ- അടിമ ഉടമ-യുടെ കൽപനകൾക്ക് വിധേയരായിരിക്കുക, ആ വിധേയത്വത്തിന്റെ തോതനുസരിച്ച് അടിമ ഗുണദോഷങ്ങളനുഭവിക്കുക എന്നതൊക്കെ ആർക്കും എളുപ്പം ഗ്രഹിക്കാവുന്നതും നിസ്സങ്കോചം വിശ്വസിക്കാവുന്നതുമായ കാര്യങ്ങളാണ്. സൃഷ്ടികൾക്ക് വിശ്വസിക്കാനും വഴിപ്പെടാനും മറ്റൊരു ദൈവവുമില്ല. അവൻ മാത്രമാണ് ജീവൻ കൊടുക്കുന്നതും എടുക്കുന്നതും. അവനല്ലാത്ത മറ്റൊരു ശക്തിക്കും യാതൊന്നിനെയും ജീവിപ്പിക്കാനോ മരിപ്പിക്കാനോ കഴിയില്ല. അവൻ ദൈവിക വചനം കേൾക്കുന്ന വിശ്വാസികളുടെയും വിശ്വാസികളെ ദ്രോഹിക്കുന്ന ഖുറൈശികളുടെയും നാഥനാകുന്നു. നിങ്ങളുടെ മാത്രമല്ല, നിങ്ങളുടെ പൂർവപിതാക്കളുടെയും സ്രഷ്ടാവും നാഥനും അവൻ തന്നെയാകുന്നു. നിങ്ങളുടെ പൂർവപിതാക്കൾ അവനല്ലാത്തവരെ പൂജിച്ചിട്ടുണ്ടെങ്കിൽ അതവർക്ക് പറ്റിയ വിഡ്ഢിത്തമാണ്. അവരെ അന്ധമായി അനുകരിച്ച് നിങ്ങളും വിഡ്ഢികളാകാതിരിക്കുക. ആ മൗഢ്യത്തിന് മരണാനന്തര ജീവിതത്തിൽ ഒടുക്കേണ്ടി വരുന്ന വില വളരെ വലുതായിരിക്കും.

മേൽപറഞ്ഞത് യാതൊരു സംശയത്തിനും പഴുതില്ലാത്ത ലളിതമായ യാഥാർഥ്യങ്ങളാകുന്നു. പക്ഷേ, ഖുറൈശികളും അവരെപ്പോലുള്ള അവിശ്വാസികളും അല്ലാഹുവിന്റെ ഏകത്വത്തെയും പ്രവാചക നിയോഗത്തെയും പരലോക ജീവിതത്തെയുമൊക്കെ അവിശ്വസിക്കുന്നു. എല്ലാറ്റിലും അവർക്കു സംശയമാണ്. ദൈവം ഉണ്ടോ? ഉണ്ടെങ്കിൽ അവൻ ഏകനാണോ? പ്രവാചകനെ ദൈവം നിയോഗിച്ചതാണോ? എന്തുകൊണ്ട് മലക്കിനെ നിയോഗിച്ചില്ല? മരണാനന്തരം ഉയിർത്തെഴുന്നേൽപുണ്ടോ? എങ്കിൽ മരിച്ചുപോയ പൂർവികരാരും ഉയിർത്തെഴുന്നേറ്റു വരാത്തതെന്തേ? ഇങ്ങനെ ഒട്ടനവധിയാണ് സംശയങ്ങൾ. ആ സംശയങ്ങളിൽ അഭിരമിക്കുകയാണവർ. അല്ലാതെ സത്യജ്ഞാനം തേടി അസ്വസ്ഥപ്പെടുകയല്ല. ●

**സൃഷ്ടികൾ സ്രഷ്ടാവിന്റെ- അടിമ ഉടമ-യുടെ കൽപനകൾക്ക് വിധേയരായിരിക്കുക, ആ വിധേയത്വത്തിന്റെ തോതനുസരിച്ച് അടിമ ഗുണദോഷങ്ങളനുഭവിക്കുക എന്നതൊക്കെ ആർക്കും എളുപ്പം ഗ്രഹിക്കാവുന്നതും നിസ്സങ്കോചം വിശ്വസിക്കാവുന്നതുമായ കാര്യങ്ങളാണ്.**